**CENTRAL BOARD OF SECONDARY EDUCATION**

**SAMPLE QUESTION PAPER- 2019-20**

**STD : XII** **MALAYALAM**

**മലയാളം**

**Time allowed : 3 Hrs** **Maximum Marks : 80**

**(അനുവദിച്ച സമയം : 3 മണിക്കൂർ)** **(ആകെ മാർക്ക് :80)**

---

**1 .a.**ഉപമയും ഉൽപ്രേക്ഷയും തമ്മിലുള്ള സാമ്യവ്യത്യാസങ്ങൾ വിവരിക്കുക. **(6)**

**അല്ലെങ്കിൽ**

സാവയോപമയും മാലോപമയും പൂർണ്ണോപമയിൽ നിന്ന് എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?

**b**. ഫലോൽപ്രേക്ഷ,ഹേതുൽപ്രേക്ഷ ഇവ ഉദാഹരണസഹിതം വിവരിക്കുക **(6)**

**അല്ലെങ്കിൽ**

ഉപമാലങ്കാരത്തിന്റെ ലക്ഷ്യലക്ഷണങ്ങൾ, ഘടകങ്ങൾ എന്നിവ വിശദമാക്കുക

**2.a** 'കുട്ടികളിൽ സാമൂഹികപ്രതിബദ്ധത വളർത്തുന്നതിന് പത്രമാധ്യമങ്ങൾ വഹിക്കുന്ന പങ്ക്' എന്ന വിഷയത്തെപ്പറ്റി നടന്ന ചർച്ചയുടെ റിപ്പോർട്ട് തയ്യാറാക്കുക

**അല്ലെങ്കിൽ**

'മഴക്കാലരോഗങ്ങളും മുൻകരുതലുകളും' എന്ന വിഷയത്തെപ്പറ്റി നടന്ന ചർച്ചയുടെ റിപ്പോർട്ട് തയ്യാറാക്കുക **(5)**

**b.** മികച്ച വിജയാഘോഷങ്ങൾക്കൊപ്പം പരാജിതരായവർക്കും ആത്മവിശ്വാസം നൽകാനുതകുന്ന ലേഖനങ്ങൾ പ്രസിദ്ധീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പത്രാധിപർക്ക് കത്ത് തയ്യാറാക്കുക.

**അല്ലെങ്കിൽ**

ജലസംരക്ഷണത്തിന്റെ പ്രാധാന്യം വിശദമാക്കുന്ന നിർദേശങ്ങൾ ഉൾപ്പെടുത്തി പ്രമുഖപത്രത്തിലേക്ക് കത്ത് തയ്യാറാക്കുക. **(5)**

**c. തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.**

ശാസ്ത്രത്തിന് ശരീരത്തെ ചികിത്സിക്കാൻ കഴിഞ്ഞേക്കാം.മരുന്നുകൾക്ക് ശരീരത്തെ രോഗവിമുക്തമാക്കാനുമായേക്കാം. അശുദ്ധി മാറുമ്പോൾ ശരീരം ശുദ്ധവും ആരോഗ്യപൂർണവുമാകും. പക്ഷെ ധ്യാനനിഷ്ഠമായ മനസ്സിൽ കരുത്തും ആരോഗ്യവുമുണ്ടാകും. പൂജാദികർമങ്ങളിലൂടെയും ഉപാസനകളിലൂടെയും ജപങ്ങളിലൂടെയും കൈവരിക്കുന്നത് അതാണ്. വേദങ്ങളുടെയും പുരാണങ്ങളുടെയും കാവ്യങ്ങളുടെയും കടമ മനുഷ്യനെ നേർവഴിക്കു നയിക്കുക എന്നതാണ്. മാർഗം വ്യത്യസ്തമാണെന്നു മാത്രം. ആദികാവ്യമായ രാമായണത്തിനു മുമ്പു തന്നെ വേദങ്ങളുണ്ടായിരുന്നു.പ്രഭുസമ്മിതങ്ങളായ വേദങ്ങൾ മനുഷ്യരോട് ആജ്ഞാപിക്കുന്നു. ശാസിച്ച് നേർവഴി നടത്തുന്നു.സുഹൃദ്സമ്മിതങ്ങളായ പുരാണങ്ങൾ സുഹൃത്തിനെപ്പോലെ സ്നേഹപൂർവം ഉപദേശിക്കും. കാവ്യങ്ങൾ കാന്താസമ്മിതങ്ങളാണ്. ഭാര്യ ഭർത്താവിനോടെന്നപോലെ അവ നമ്മെ ഉപദേശിക്കും.ശാസനയുണ്ടായെന്നിരിക്കും. അതിലേറെ സ്നേഹവുമുണ്ടാകും. ഉത്തമജീവിതത്തിനുതകുന്നതെല്ലാം പുരാണങ്ങൾ നമുക്ക് വ്യക്തമാക്കി തരുന്നുണ്ട്. തിരഞ്ഞെടുക്കേണ്ടത് ഏതെന്ന് സൂചിപ്പിക്കുന്നുമുണ്ട്. താരതമ്യങ്ങൾ കാണിച്ചു തരുന്നുമുണ്ട്. വിവേകിക്കു വേണ്ടത് കാണാം, മനസിലാക്കാം, സ്വീകരീക്കാം.

**ചോദ്യങ്ങൾ**

1. മനസ്സിന് കരുത്തും ആരോഗ്യവുമുണ്ടാകുന്നതെങ്ങനെ? **(2)**

2.വേദങ്ങളുടെയും പുരാണങ്ങളുടെയും കാവ്യങ്ങളുടെയും കടമയെന്ത്?**(2)**

3.കാവ്യങ്ങൾ കാന്താസമ്മിതങ്ങളാണ് എന്നു പറയാൻ കാരണമെന്ത്? **(2)**

4 പുരാണങ്ങൾക്കുള്ള പ്രാധാന്യമെന്ത്? **(2)**

5. ഈ ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം നല്കുക. **(2)**

**3.a. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഏതെങ്കിലും ആറെണ്ണത്തിന് ഉത്തരമെഴുതുക**

1. നഷ്ടപ്പെട്ട കാട്ജിനെയെ മാന്ത്രികകല്പനയിലൂടെ കുട്ടികൾ തിരിച്ചു പിടിക്കുന്നതായി മാർക്വെസ് അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ?

2. വിപണിയുടെ കാപട്യങ്ങളും നഗരവൽക്കരണത്തിന്റെ സങ്കീർണ്ണതകളും അവകാശങ്ങളുടെ പ്രശ്നം  എന്ന കഥയിൽ ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ?

3. വിശപ്പുപോലുള്ള താണതരം കാര്യങ്ങളിൽ നാം വ്യാപൃതരാകാറുണ്ടോ എന്ന വിദൂഷകന്റെ ചോദ്യത്തിലെ ആക്ഷേപഹാസ്യമെന്ത്?

4. കലാമണ്ഡലം ഹൈദരലിയുടെ ജീവിതാനുഭവങ്ങൾ നൽകുന്ന പാഠമെന്ത്?

5. പുലിക്കോട്ടിൽ ഹൈദറിന്റെ കൃതികളുടെ സവിശേഷതകളായി ലേഖകൻ വിവരിക്കുന്നതെന്തെല്ലാം?

6. ഗൗളിജന്മം എന്ന കഥയിലെ ഹാസ്യതലങ്ങൾ  ഏതെല്ലാമെന്നു വിശദീകരിക്കുക

7. 'പട്ടാളക്കാരൻ സൂര്യപ്രകാശിന്റെ അനുഭവകഥ ശ്രദ്ധിച്ചു കൊണ്ടിരുന്ന എന്റെ കരളിലും ഒരു ഹിമപാതമുണ്ടായതുപോലെ തോന്നി' ആരുടെ വാക്കുകൾ? സൂര്യപ്രകാശിന്റെ അനുഭവകഥ എന്തായിരുന്നു?

8. മാധ്യമങ്ങളെ പതിവുരീതികളിൽനിന്നു മാറ്റി അവയെ ജനാധിപത്യവാദികളാക്കി മാറ്റുന്നതിൽ സാങ്കേതികവിദ്യയിലെ പുരോഗതിക്കുള്ള പങ്ക് വിശദീകരിക്കുക **(4x6=24)**

**b. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരമെഴുതുക**

1. 'എന്നെല്ലാം ശകുന്തള പറഞ്ഞോരനന്തരം

   വിണ്ണിൽ നിന്നശരീരി തന്നുടെ വാക്യം കേട്ടു'-

   എന്തെല്ലാമാണ് ശകുന്തള പറഞ്ഞത്? എന്തായിരുന്നു അശരീരി?

2. കാട്ടാളൻ തനിക്കു  നഷ്ടമായ ആവാസവ്യവസ്ഥയെ സംഹാരാത്മകമായി  എങ്ങനെ വീണ്ടെടുക്കുമെന്നാണ് വിവരിക്കുന്നത്?

3. കേശിനി എന്ന കഥാപാത്രത്തെപ്പറ്റി കുറിപ്പു തയ്യാറാക്കുക

4. 'മോഷ്ടാവ്', 'കള്ളൻ' എന്നീ സമാനാർത്ഥപദങ്ങൾക്ക് കവി വ്യത്യസ്ത അർത്ഥതലങ്ങൾ കല്പിക്കുന്നതിന്റെ ഔചിത്യം പരിശോധിക്കുക

5. കിരാതവൃത്തം എന്ന കവിതയിൽ കാട്ടാളനു നഷ്ടമായ ഭൂതകാലസൗഭാഗ്യങ്ങളെ കവി അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ?

6. കോകിലനാരി പോലെ പരഭൃതയാണ് ശകുന്തള എന്ന് ദുഷ്യന്തൻ പറയുന്നതിന്റെ ഔചിത്യം പരിശോധിക്കുക. **(4x4=16)**

**4. താഴെ കൊടുത്തിരിക്കുന്നവയിൽ ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരമെഴുതുക**

1. എം.ടി യുടെ 'അമ്മയ്ക്ക്' എന്ന കൃതിയ്ക്ക് ഒരു ആസ്വാദനം തയ്യാറാക്കുക

2. നമുക്കിന്ന് അന്യമായിക്കൊണ്ടിരിക്കുന്ന ഗ്രാമീണനന്മകളുടെ ഓർമപ്പെടുത്തലുകളാണ് തുമ്പപ്പൂവ്, ഉത്സവകാലം എന്നീ അദ്ധ്യായങ്ങൾ-വിശദീകരിക്കുക

**(8x1=8)**

.